# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം– 686560

ഫോൺ:0481–2733512


## വാർത്താക്കുറിപ്പ്

**2023 മെയ് 23**

---

- *മെഡിക്കൽ ഗവേഷണ രംഗത്ത് എം.ജി. സർവകലാശാലയുടെ സുപ്രധാന പദ്ധതി*
- *മന്ത്രി വി.എൻ. വാസവൻ ഉദ്ഘാടനം ചെയ്യും*

## ഡോ. എൻ. രാധാകൃഷ്ണൻ രാജ്യാന്തര ഗവേഷണ കേന്ദ്രം ഉദ്ഘാടനം ഇന്ന്

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ബിസിനസ് ഇന്നവേഷൻ ആന്റ് ഇൻകുബേഷൻ സെൻററിൽ ഡോ. എൻ. രാധാകൃഷ്ണൻ ഇൻറർനാഷണൽ സെന്റർ ഫോർ മെഡിക്കൽ ഇന്നവേഷൻ ഇന്ന്(മെയ് 24) പ്രവർത്തനമാരംഭിക്കും. ഐ.ഐ.ആർ.ബി.എസ് ഓഡിറ്റോറിയത്തിൽ ഉച്ചകഴിഞ്ഞ് മൂന്നിന് നടക്കുന്ന ചടങ്ങിൽ സഹകരണ രജിസ്ട്രേഷൻ വകുപ്പ് മന്ത്രി വി.എൻ. വാസവൻ ഓൺലൈനിൽ ഉദ്ഘാടനം നിർവഹിക്കും. വൈസ് ചാൻസലർ പ്രഫ. സാബു തോമസ് അധ്യക്ഷത വഹിക്കും.

ലോകപ്രശസ്ത വാസ്കുലാർ സർജനും ചങ്ങനാശേരി ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിലെ മെഡിക്കൽ ഡയറക്ടറുമായ ഡോ. എൻ. രാധാകൃഷ്ണന്റെ നേതൃത്വത്തിലുള്ള ഡോ. എൻ രാധാകൃഷ്ണൻ ഫൗണ്ടേഷൻ ഫോർ റിസർച്ച് ഓൺ വീനസ് ഡിസീസസാണ് കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ചിലവ് പൂർണമായും വഹിക്കുന്നത്.

മെഡിക്കൽ ഗവേഷണ പ്രവർത്തനങ്ങളിൽ സജീവമായ മഹാത്മാ ഗാന്ധി സർവകലാശാലയുടെ ഈ മേഖലയിലെ സുപ്രധാനമായ ചുവടുവയ്പ്പാണ് പുതിയ പദ്ധതിയെന്ന വൈസ് ചാൻസലർ പ്രഫ. സാബു തോമസ് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. നൂതന സാങ്കേതിക സംവിധാനങ്ങളോടെ സജ്ജമാക്കുന്ന കേന്ദ്രം മെഡിക്കൽ, മോളിക്കുലാർ ഗവേഷണ മേഖലയിൽ പുതിയ പദ്ധതികൾക്കും സംയുക്ത സംരംഭങ്ങൾക്കും വേദിയാകും. നാനോ ടെക്നോളജിയിൽ അധിഷ്ഠിതമായ ചികിത്സാ രീതികൾക്കും കേന്ദ്രം പ്രാധാന്യം നൽകും.

ഇതിന്റെ ഭാഗമായി നൂതന ലാബോട്ടറിയും സ്റ്റാർട്ടപ്പ് ക്യൂബിക്കിളുകളും

സജ്ജമാക്കും. പദ്ധതിയുടെ ആദ്യ ഘട്ടമായി ഡോ. എൻ രാധാകൃഷ്ണൻ ഫൗണ്ടേഷൻ ഫോർ റിസർച്ച് ഓൺ വീനസ് ഡിസീസ് ഒരു കോടി രൂപ ഇൻറർനാഷണൽ സെൻ്റർ ഫോർ മെഡിക്കൽ ഇന്നവേഷന് കൈമാറും.

ദേശീയ, രാജ്യാന്തര തലങ്ങളിലുള്ള അക്കാദമിക്, വ്യവസായ, ആരോഗ്യ വിദഗ്ധർ കേന്ദ്രത്തിൻറെ വിവിധ പദ്ധതികളിൽ പങ്കാളികളാകും. രക്തക്കുഴലുകളുമായി ബന്ധപ്പെട്ട രോഗങ്ങളുടെ ചികിത്സയ്ക്ക് ഉപകരിക്കുന്ന പുതിയ തെറാപ്പികൾ വികസിപ്പിക്കുന്നതിനും ഈ ചികിത്സാ മേഖലയുമായി ബന്ധപ്പെട്ട വൈജ്ഞാനിക അടിത്തറ വികസിപ്പിക്കുന്നതിനും കേന്ദ്രം ലക്ഷ്യമിടുന്നു. ചികിത്സയ്ക്ക് ഉപകരിക്കുന്ന ഉത്പന്നങ്ങൾ വികസിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനുമുള്ള സാധ്യതയും പരിശോധിക്കും.

ബിസിനസ് ഇന്നവേഷൻ ആൻ്റ് ഇൻകുബേഷൻ സെൻ്റർ ഡയറക്ടർ ഡോ. ഇ.കെ. രാധാകൃഷ്ണനാണ് കേന്ദ്രത്തിൻ്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്.

ഉദ്ഘാടനച്ചടങ്ങിൽ ഡോ. എൻ. രാധാകൃഷ്ണൻ, പ്രശസ്ത ഹൃദ്രോഗ വിദഗ്ധൻ ഡോ. എം.എസ്. വല്യത്താൻ, ജസ്റ്റീസ് കെ.ടി. തോമസ് തുടങ്ങിയവരും അക്കാദമിക്, മെഡിക്കൽ, ബിസിന്സ് മേഖലകളിലെ പ്രമുഖരും പങ്കെടുക്കും.

വാർത്താ സമ്മേളനത്തിൽ പ്രോ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ, സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ ജോബ് മൈക്കിൾ എം.എൽ.എ, അഡ്വ. റെജി സക്കറിയ, പി. ഹരികൃഷ്ണൻ, ഡോ. ബിജു പുഷ്പൻ,ഡോ. എ. ജോസ്, ബാബു മൈക്കിൾ, ചെത്തിപ്പുഴ സെൻറ് തോമസ് ആശുപത്രിയ എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജെയിംസ് പി. കുന്നത്ത്, ഡോ. ഇ.കെ. രാധാകൃഷ്ണൻ എന്നിവരും പങ്കെടുത്തു.

**ഡോ. എൻ. രാധാകൃഷ്ണൻ**

രാജ്യാന്തര പ്രശസ്തനായ വാസ്കുലാർ സർജ്ജനാണ് ചങ്ങാശേരി ചെത്തിപ്പുഴ സെൻറ് തോമസ് ആശുപത്രിയിലെ മെഡിക്കൽ ഡയറക്ടറായ ഡോ. എൻ. രാധാകൃഷ്ണൻ. ചികിത്സാ രംഗത്ത് അര നൂറ്റാണ്ടു പിന്നിട്ട ഇദ്ദേഹം ഇതിനോടകം അൻപതിനായിരത്തിലധികം വാസ്കുലാർ ശസ്ത്രക്രിയകൾ നടത്തിയിട്ടുണ്ട്.

തിരുവനന്തപുരം മെഡിക്കൽകോളേജിൽനിന്ന് എംബിബിഎസും ജനറൽ സർജറിയിൽ എംഎസും നേടിയ ഡോ. രാധാകൃഷ്ണൻ 1980 മുതൽ ചെത്തിപ്പുഴ സെൻറ് തോമസ് ആശുപത്രിയിൽ സേവനമനുഷ്ഠിച്ചുവരുന്നു. റോയൽ കോളേജ് ഓഫ് സർജൻസ് ഓഫ് ഇംഗ്ലണ്ട്, റോയൽ സൊസൈറ്റി ഓഫ് മെഡിസിൻ, ഗ്ലാസ്ഗോയിലെ റോയൽ കോളേജ് ഓഫ് ഫിസിഷ്യൻസ് ആൻറ് സർജൻസ്, അമേരിക്കൻ കോളേജ് ഓഫ് സർജൻസ്, ഇൻറർനാഷണൽ കോളേജ് ഓഫ് സർജൻസ് തുടങ്ങിയ വിഖ്യാതമായ രാജ്യാന്തര സംഘടനകളിൽനിന്നും ഏജൻസികളിൽനിന്നും അംഗീകാരം ലഭിച്ചിട്ടുണ്ട്.

അസോസിയേഷൻ ഓഫ് സർജൻസ് ഓഫ് ഇന്ത്യയുടെ സ്ഥാപക ഫെലോയാണ്.
(പി.ആർ.ഒ/39/552/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**